ഐസിഡിഎസ് ബി4/24506/18

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
ഫോൺ 0471-2346508
ഇ-മെയിൽ- icdsbsection@gmail.com
തീയതി : 23.02.2021

# പരിപത്രം

വിഷയം : വ.ശി.വി.വ-ഐസിഡിഎസ്-അങ്കണവാടി ജീവനക്കാര്യം--W.P© No.24893/18 ശ്രീമതി മോനിഷ എം.എസും കൂട്ടരും ഫയൽ ചെയ്ത ഹർജിയിലെ 26.11.2019 ലെ വിധിന്യായം- സെലക്ഷൻ കമ്മിറ്റി രൂപീകരണവും തുടർ നടപടികളും നിർത്തി വയ്ക്കുന്നത് സംബന്ധിച്ച്

സൂചന :
1. ഈ കാര്യാലയത്തിലെ 2.09.2019, 6.12.2019 എന്നീ തീയതികളിലെ ഐസിഡിഎസ് 22497/19 നം. പരിപത്രങ്ങൾ
2. 26.11.2019 ലെ W.P© No.24893/18 ഹർജിയിലെ അന്തിമ വിധിന്യായം
3. 26.11.2019 ലെ W.P© No.24893/18 ഹർജിയിലെ അന്തിമ വിധിന്യായത്തിനെതിരെ സർക്കാർ 30.09.2020 ൽ ഫയൽ ചെയ്ത WA730/2020 കത്ത്

അങ്കണവാടി നിയമനങ്ങൾക്കായി സെലക്ഷൻ ലിസ്റ്റ് നിലവിലില്ലാത്ത പഞ്ചായത്ത്/മുൻസിപ്പാലിറ്റി കോർപ്പറേഷനുകളിൽ രണ്ട് മാസത്തിനുള്ളിൽ സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കുവാനും ആയത് ഡിസംബർ 31 ന് മുൻപ് പൂർത്തിയാക്കുവാനും മേൽ സൂചന (1) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ നാളിതുവരെ ഈ സെലക്ഷൻ നടപടികൾ ഒന്നും തന്നെ ചെയ്യാതെ കോവിഡ് -19 സാംക്രമിക രോഗ സാഹചര്യത്തിൽ പ്രസ്തുത കാരണം പറഞ്ഞും സെലക്ഷൻ കമ്മിറ്റി രൂപീകരണവും നടപടികളും പൂർത്തിയാക്കാത്ത ഐസിഡിഎസുകളിൽ തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ് കഴിഞ്ഞതോടുകൂടി എല്ലായിടങ്ങളിലും സെലക്ഷൻ നടപടികൾ ആരംഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അതിയന്നൂർ ഐസിഡിഎസിലെ നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയിലെ അങ്കണവാടി വർക്കർ/ഹെൽപ്പർ സെലക്ഷൻ ലിസ്റ്റിനെതിരെ ശ്രീമതി മോനിഷ എം.എസും കൂട്ടരും W.P© No.24893/18 നമ്പരായി ഫയൽ ചെയ്ത ഹർജിയിൽ സൂചന 3 പ്രകാരം ബഹു ഹൈക്കോടതി പുറപ്പെടുവിച്ച വിധന്യായാപ്രകാരം, സെലക്ഷൻ കമ്മിറ്റിയും മാനദണ്ഡങ്ങളും നിർദ്ദേശിച്ച് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ മാറ്റം വരുത്തുവാനാവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുള്ള നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ 26.11.2019 ന് മുൻപായി സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് സെലക്ഷൻ നടപടികൾ പൂർത്തിയായിട്ടുള്ള ഇടങ്ങളിൽ സെലക്ഷൻ ലിസ്റ്റിൽ നിന്നും നിയമനം നടത്താവുന്നതാണ്. എന്നാൽ 26.11.2019 ന് ശേഷം സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് സെലക്ഷൻ നടപടികൾ ആരംഭിച്ചിട്ടുള്ള ഇടങ്ങളിൽ, ടി വിഷയത്തിൽ സർക്കാർ സമർപ്പിച്ചിട്ടുള്ള റിട്ട് അപ്പീലിൻമേൽ അന്തിമ വിധി വരുന്നത്

വരെയോ സർക്കാർ ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്നത് വരെയോ, ടി നടപടികൾ താൽക്കാലികമായി അപ്രകാരം ഇനിയൊരു നിർദ്ദേശം ഉണ്ടകുന്നതുവരെ നിർത്തി വയ്ക്കേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി

എല്ലാ ശിശു വികസന പദ്ധതി ആഫീസർമാർക്കും
എല്ലാ സൂപ്പർവൈസർമാർക്കും

പകർപ്പ്.

1. എല്ലാ പ്രോഗ്രാം ആഫീസർമാർക്കും
2. എല്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
3. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
4. സ്റ്റോക്ക് ഫയൽ/സ്പെയർ